## ഖാദി ഗ്രാമവ്യവസായത്തിന്റെ പരിധിയിൽ വരുന്ന വ്യവസായ മേഖലകൾ

**97 (3870)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമവ്യവസായത്തിന്റെ പരിധിക്കുള്ളിൽവരുന്ന വ്യവസായ മേഖലകൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(ബി) അനുബന്ധമേഖലകളുടെ വികസനത്തിനായി ഈ സർക്കാരിന്റെ കാലത്ത് എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം വർഷവും ഇനവും തിരിച്ച് അറിയിക്കുമോ ;

(സി) ഖാദി ഗ്രാമവ്യവസായവുമായി ബന്ധപ്പെട്ട് ഈ സർക്കാർ പുതിയതായി എത്ര റീ-ട്ടെയിൽ ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നുള്ള വിവരം ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഖാദി ഗ്രാമവ്യവസായത്തിന്റെ കാലോചിതമായ പരിഷ്ക്കരണത്തിനു വേണ്ടി ഈ സർക്കാർ പുതിയതായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നറിയിക്കുമോ ; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ഖാദി ഗ്രാമ വ്യവസായത്തിന്റെ പരിധിക്കുള്ളിൽ വരുന്ന വ്യവസായ മേഖലകൾ താഴെക്കൊടുന്നു :

1. ഖാദി വ്യവസായം

   ഖാദി നൂൽപ്പ്, നെയ്ത്ത്, ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം

2. ഗ്രാമവ്യവസായം

   ഗ്രാമവ്യവസായ കമ്മീഷന്റെ വ്യവസ്ഥ പ്രകാരം ഗ്രാമ പ്രദേശങ്ങളിൽ ആരംഭിക്കുന്നതും മൂലധന ചെലവിന്റെ ഓരോ ലക്ഷം രൂപയ്ക്കും ഒരാൾക്ക് തൊഴിൽ ലഭ്യമാക്കുന്നതും താഴെ ചേർത്തിരിക്കുന്ന നെഗറ്റീവ് ലിസ്റ്റിൽപെടാത്തതുമായ ഏതു വ്യവസായവും ഗ്രാമ വ്യവസായത്തിന്റെ പരിധിക്കുള്ളിൽ വരുന്നുണ്ട്.

നെഗറ്റീവ് ലിസ്റ്റ്

(എ) മത്സ്യ മാംസാദികളിൽ അധിഷ്ഠിതമായവ, മദ്യം, ലഹരി പദാർത്ഥങ്ങൾ, പുകയില സംബന്ധമായവ, കള്ള് ചെത്ത്, മദ്യമാംസ വിഭവങ്ങൾ ലഭിക്കുന്ന ഹോട്ടൽ വ്യവസായം മുതലായവ.



LIBRARY ARCHIVES Kerala Legislative Assembly

(ബി) തേയില, കാപ്പി, റബ്ബർ മുതലായ എല്ലാത്തരം കൃഷികളും പട്ടുനൂൽപ്പുഴു വളർത്തൽ, ജന്തുക്കൾ സംബന്ധമായവ, മൃഗസംരക്ഷണം, പന്നി വളർത്തൽ, കോഴി വളർത്തൽ, കൃത്രിമ കോഴിക്കുഞ്ഞ് ഉല്പാദന യന്ത്രങ്ങളുടെയും കൊയ്ത് യന്ത്രങ്ങളുടെയും നിർമ്മാണം.

(സി) 20 മൈക്രോണിൽ താഴെ കനമുള്ളതോ നിരോധിക്കപ്പെട്ടതുമായ പോളിത്തീൻ ബാഗുകൾ പുനഃപ്രക്രിയയിലൂടെ നിർമ്മിക്കുന്ന പ്ലാസ്റ്റിക് പാത്രങ്ങളും ഉപകരണങ്ങളും പരിസര മലിനീകരണമുണ്ടാക്കുന്ന മറ്റു പദാർത്ഥങ്ങളുടെ നിർമ്മാണവും സംഭരണവും.

(ഡി) ഗതാഗത വാഹനങ്ങൾ (സൈക്കിൾ റിക്ഷ ഒഴികെ)

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അനുസരിച്ച് താഴെപ്പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട് :

| | | |
|---|---|---|
| 2011-12 | - | 110 ലക്ഷം രൂപ |
| 2012-13 | - | 200 ലക്ഷം രൂപ |
| 2013-14 | - | 187.50 ലക്ഷം രൂപ (15-1-2014 വരെ) |

(സി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി 3 റീ-ട്ടെയിൽ ഔട്ട് ലെറ്റുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ട് :

1. ഖാദി സൗഭാഗ്യ, ചങ്ങരംകുളം, മലപ്പുറം ജില്ല
2. ഖാദി സൗഭാഗ്യ, തൃത്താല, പാലക്കാട് ജില്ല
3. ഖാദി സൗഭാഗ്യ, താനൂർ, മലപ്പുറം ജില്ല

(ഡി) ഖാദി ഗ്രാമവ്യവസായത്തിന്റെ കാലോചിതമായ പരിഷ്കാരത്തിനു വേണ്ടി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് :

1. ആധുനികവത്കരണത്തിനുവേണ്ടിയും ഖാദി മേഖലയുടെ നവീകരണത്തിനുവേണ്ടിയും ഈ മേഖലയിലെ പ്രശ്നങ്ങളെ കുറിച്ച് പഠിക്കുവാനായും കേരള സർക്കാർ നിയോഗിച്ച ശ്രീ. പി. ഗോപിനാഥൻനായർ ചെയർമാനായ കമ്മിറ്റി അഞ്ച് വർഷത്തേക്ക് വേണ്ടി 120 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുകയും ആദ്യ വർഷത്തേക്കായി സമർപ്പിച്ച 29.46 കോടി രൂപയുടെ പ്രൊപ്പോസലിൽ ആദ്യ ഗഡുവായി 2012-13 വർഷം 96 ലക്ഷം രൂപ സർക്കാരിൽ നിന്നും അനുവദിക്കുകയും 2013-14 വർഷത്തേക്ക് 12.09 കോടി രൂപ ജനുവരി 2014-ലെ ഉപധനാഭ്യർത്ഥനയിൽ വകയിരുത്തിയിട്ടുമുണ്ട്. ഈ പദ്ധതിയിലൂടെ 5000 പേർക്ക് പുതുതായി തൊഴിൽ നൽകാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

2. സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ ബോർഡ് നടപ്പാക്കിവരുന്ന "പ്രത്യേക തൊഴിൽദാന പദ്ധതി"യിൽക്കൂടി സംസ്ഥാനത്തെ വിവിധ പരമ്പരാഗത വ്യവസായങ്ങൾക്കും പുതുജീവൻ നൽകുവാൻ ബോർഡിന് സാധിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം ഈയിനത്തിനായി 1.10 കോടി രൂപയും 2012-13 സാമ്പത്തിക വർഷം 2 കോടി രൂപയും 2013-14 വർഷം 2.50 കോടി രൂപയും സർക്കാരിൽനിന്നും അനുവദിച്ചിട്ടുണ്ട്.

3. ഗ്രാമവ്യവസായത്തിൽപ്പെടുന്ന കുമ്മായം, കളിമൺ പാത്രം, കരിപ്പെട്ടി, പനം കൽക്കണ്ടം, സോപ്പ് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് പുനരുജ്ജീവന പരിപാടികൾ (ആകെ പ്രോജക്ട് ചെലവിന്റെ 75%) ആവിഷ്ക്കരിക്കുന്നതിന് ഗ്രാമ വ്യവസായ സഹകരണസംഘങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് ധനസഹായം എന്ന ശീർഷകത്തിൻകീഴിൽ 2013-14 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പോട്ടറി വ്യവസായത്തിന്റെ വികസനത്തിനായി 50 ലക്ഷം രൂപ 2011-12 പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു.

ഖാദി തൊഴിലാളികൾക്ക് ആധുനിക സൗകര്യങ്ങൾ നൽകി തൊഴിൽ അവസ്ഥ മെച്ചപ്പെടുത്തി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് "ഖാദി തൊഴിലാളികൾക്ക് ആധുനിക സൗകര്യങ്ങൾ നൽകൽ" എന്ന പദ്ധതി ആരംഭിച്ചു. നിലത്തിരുന്ന് ചർക്ക പ്രവർത്തിപ്പിക്കുന്ന സ്ഥാനത്ത് തൊഴിലാളികൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ് നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു. ഖാദി തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുക വിനിയോഗിച്ച് മിനിമം വേതനം നൽകിവരുന്നുണ്ട്. 2013-14 വർഷം ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 18 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഖാദി കമ്മീഷന്റെ പദ്ധതിയനുസരിച്ചുള്ള ആനുകൂല്യങ്ങളും (ഇൻഷ്വറൻസ് ഉൾപ്പെടെ) നൽകി വരുന്നുണ്ട്. കൂടാതെ ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഖാദി തൊഴിലാളികൾക്ക് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly